പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 479 — 06.02.2014-ൽ മറുപടിയ്ക്ക്

## കായികതാരങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.കെ.ബാലൻ<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീ.ആർ.രാജേഷ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ കായികതാരങ്ങൾ കായികമേളകളിൽ പങ്കെടുക്കാൻ പോകുമ്പോൾ നേരിടുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) കേരള ഹൈക്കോടതി ദേശീയ സ്കൂൾ കായികമേളകളിൽ പങ്കെടുക്കുന്ന താരങ്ങൾക്കുണ്ടാകുന്ന പ്രയാസത്തെ തുടർന്ന് സർക്കാരിനെതിരെ നടത്തിയ രൂക്ഷ വിമർശനം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; ഹൈക്കോടതിയിൽനിന്നും ആർക്കെങ്കിലും ഈ പ്രശ്നത്തിന് നോട്ടീസ് ലഭിക്കുകയുണ്ടായിട്ടുണ്ടോ ; എങ്കിൽ ആർക്കെല്ലാം ; വിശദമാക്കുമോ ; | (ബി ഉണ്ട്, സംസ്ഥാന സ്കൂൾ കായിക മേള നടത്തുന്നതിനും അതിൽനിന്നും കായിക താരങ്ങളെ തെരഞ്ഞെടുക്കുന്നതും അവരെ ദേശീയ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതും പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഡി.പി.ഐ-യുടെ ചുമതലയിലാണ് നടക്കുന്നത്. ശ്രീ.റ്റിറ്റോ ചെറിയാനും, ശ്രീ.അരുൺ.എസ്.പൈ യും ബഹു.ഹൈക്കോടതിയിൽ 1705/2014-ാം നമ്പർ പ്രകാരം ഫയൽ ചെയ്ത പൊതുതാല്പര്യ ഹർജിയിൽ എതിർകക്ഷികളായവരുടെ പട്ടിക ഇനി പറയും പ്രകാരമാണ്.<br>1. പ്രിൻസിപ്പൽ സെക്രട്ടറി, കേരളം<br>2. ഗവൺമെന്റ് സെക്രട്ടറി, കായികയുവജനകാര്യ വകുപ്പ്.<br>3. കായിക-യുവജനകാര്യ വകുപ്പുമന്ത്രി<br>4. വിദ്യാഭ്യാസ വകുപ്പു മന്ത്രി<br>5. മുഖ്യമന്ത്രി |

6. ചെയർമാൻ,
   കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ
7. ചെയർമാൻ,
   സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ
8. സെക്രട്ടറി, റയിൽവേ, ന്യൂ ഡൽഹി

| | | | |
|---|---|---|---|
| (സി) | മേളകളിൽ പങ്കെടുക്കുന്ന താരങ്ങളുടെ യാത്രാപ്രശ്നത്തിൽ ഉൾപ്പെടെ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വെളിപ്പെടുത്താമോ ? | (സി) | സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകാരമുള്ള കായിക അസോസിയേഷനുകൾ സ്റ്റേറ്റ് ചാമ്പ്യൻഷിപ്പിൽ നിന്നും തെരഞ്ഞെടുക്കുന്ന കായിക താരങ്ങൾക്ക് സ്പോർട്സ് കൗൺസിലിന്റെ ഗ്രാന്റ്-ഇൻ-എയ്ഡ് നിയമാവലി പ്രകാരം എല്ലാ സൗകര്യങ്ങളും ലഭ്യമാക്കിയും ദേശീയ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് സൗകര്യപ്രദമായ യാത്രാസൗകര്യം ലഭിക്കുന്നതിനായി മുൻകൂർ ട്രെയിൻ ടിക്കറ്റ് റിസർവ്വ് ചെയ്തുമാണ് ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുപ്പിച്ചു വരുന്നത്. ദേശീയ സ്കൂൾ കായികമേളയിൽ പങ്കെടുക്കുന്ന കായികതാരങ്ങളുടെ യാത്രക്കുള്ള എല്ലാ ചുമതലകളും പൊതുവിദ്യാഭ്യാസ ഡയറക്ടറാണ് നിർവ്വഹിക്കുന്നത്. |

സെക്ഷൻ ഓഫീസർ